ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരുംതന്നെ ടി പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതിനാൽ കമ്മീഷൻ ക്ഷണിച്ചു. രണ്ട് കമ്മീഷൻ ലഭിച്ചിട്ടുണ്ട്. കമ്മീഷന് അംഗീകാരമായാൽ മാത്രമേ പണി തുടങ്ങാൻ സാധിക്കുകയുള്ളൂ.

മാവേലിക്കര മണ്ഡലത്തിൽ വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം

300 (1334) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ച വഴിയോര വിശ്രമ കേന്ദ്രങ്ങൾക്ക് അനുമതി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരത്തുകൾക്ക് സമീപം വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികൾക്കാണ് വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണച്ചുമതല നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന്, എം.എൽ.എ. നിർദ്ദേശിച്ച വഴിയോര വിശ്രമ കേന്ദ്രങ്ങൾക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നും പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി&സി) നിരത്തുകൾക്ക് സമീപം വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 27-2-2013-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 19 പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly